"ഭരണഭാഷ- **മാതൃഭാഷ**"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്-തോട്ടട ഇ. എസ്. ഐ. ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് II ശ്രീമതി ബിന്ദു. ടി. വർഗ്ഗീസിന്റെ മെഡിക്കൽ റീഇംബ്ഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.870/2025/LBR തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:- 1. സ.ഉ(പി) നം. 8/2017/ആ.കു.വ, തീയതി 10.02.2017.

2. തോട്ടട ഇ. എസ്. ഐ. ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് II ശ്രീമതി ബിന്ദു. ടി. വർഗ്ഗീസിന്റെ 29.06.2020 ലെ മെഡിക്കൽ റീഇംബ്ഴ്സ്മെന്റ് അപേക്ഷ.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 05.11.2020 ലെ ഡി2-23787/2018/ഡി.ഐ.എം.എസ്, 17.04.2024 ലെ ഡി2-1002/2022/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 03.02.2024 ലെ MR2-53715/2022/സി.ആർ.സി നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ തോട്ടട ഇ. എസ്. ഐ. ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് II ആയ ശ്രീമതി ബിന്ദു. ടി. വർഗ്ഗീസ് വന്ധ്യതാ ചികിത്സയ്ക്ക് 19.01.2018 മുതൽ 16.02.2018 വരെ കൊച്ചിൻ സിമാർ ഹോസ്പിറ്റലിൽ ചെലവായ 1,89,234.25/- രൂപ റീ ഇംബേഴ്സ് ചെയ്തു നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് ശുപാർശ ചെയ്ത് പരാമർശം 3 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഇക്കാര്യത്തിൽ അനുവദനീയമായ തുക 1,35,655/-രൂപയാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ തോട്ടട ഇ.എസ്.ഐ ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് II ശ്രീമതി ബിന്ദു. ടി. വർഗ്ഗീസിന്റെ വന്ധ്യതാ ചികിത്സയ്ക്ക് 19.01.2018 മുതൽ 16.02.2018 വരെ കൊച്ചിൻ സിമാർ ഹോസ്പിറ്റലിൽ ആകെ ചെലവായ 1,89,234.25/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ

അനുവദനീയത അറിയിച്ച തുകയായ **1,35,655/-** രൂപ (ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുന്നൂറ്റി അൻപത്തിയഞ്ചു രൂപ മാത്രം), പരാമർശം **1** ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണം ചെയ്തു നൽകുവാൻ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
(അപേക്ഷയും അസ്സൽ ബില്ലുകളും സഹിതം)
ശ്രീമതി.ബിന്ദു റ്റി.വർഗ്ഗീസ് , നഴ്സിംഗ് ഓഫീസർ ഗ്രേഡ് **II**, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്(**16.07.2021** ലെ ജി**2/208/2021**-ആ.കു.വ പ്രകാരം)
ധനകാര്യ (ലോൺസ്) വകുപ്പ് (**27.01.2025** ലെ എൽ **1/229/2024**/ധന(**2904404**)പ്രകാരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 21-07-2025 14:31:21
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്